**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 872** **18-09-2025 - ൽ മറുപടിയ്ക്ക്**

**മംഗൽപാടി, പുത്തിഗെ എന്നീ പഞ്ചായത്തുകളിലെ അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മംഗൽപാടി ഗ്രാമ പഞ്ചായത്തിലെ പുളികുത്തി, പുത്തിഗെ പഞ്ചായത്തിലെ ബാഡൂർ എന്നീ ഉന്നതികളിലെ അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | ആവശ്യമായ തൊഴിലാളികളെ ലഭിക്കാത്തതുമൂലം ടി നഗറിന്റെ നിർമ്മാണപ്രവൃത്തികൾ മന്ദഗതിലായിരുന്നു. മഞ്ചേശ്വരം എം.എൽ.എ -യുടെ അധ്യക്ഷതയിൽ സങ്കേതതല യോഗം ചേരുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രദേശത്ത് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തികൾ വേഗത്തിലായിട്ടുണ്ട്. കൂടാതെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപെടുത്തുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ അധ്യക്ഷതയിൽ 26-08-2025-ന് ഒരു അവലോകന യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ 31-10-2025 തീയ്യതിക്കകം പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ